# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2467** **12.03.2020 ലെ മറുപടി**

## ചാലക്കുടിപ്പുഴയുടെ തീരസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| 2018, 2019 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് ചാലക്കുടിപ്പുഴയുടെ ഇരുകരകളിലും വ്യാപകമായ കരയിടിച്ചിലുകളും നാശവും സംഭവിച്ചിട്ടുള്ളത് ഒഴിവാക്കുന്നതിനും കെട്ടി സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | 2018,19 വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് ചാലക്കുടി പുഴയുടെ ഇരുകരകളിലും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 2018 വർഷത്തെ പ്രളയത്തോടനുബന്ധിച്ച് ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി, 11 പ്രവൃത്തികളുടെ 138.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകിയിരുന്നു. ഇതിൽ 3 പ്രവൃത്തികൾ ആരംഭിക്കുകയും അതിൽ ഒരു പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 8 പ്രവൃത്തികൾ പല തവണ ടെണ്ടറും ക്വട്ടേഷനും ക്ഷണിച്ചിട്ടും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. 2019-ലെ പ്രളയത്തോടനുബന്ധിച്ച് 228.00 ലക്ഷം രൂപയുടെ 8 പ്രവൃത്തികൾക്കുള്ള പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അവ നടപ്പാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ